# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം. പി4/92/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 07/02/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെറ്റിഎം. പി4/92/2023 തീയ്യതി: 07/02/2023

## കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-03-2022 മുതൽ 31-12-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രതീഷ് സി.ആർ, ഓഡിറ്റ് ഓഫീസർ
യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ജോഷി തോമസ്, ഓഡിറ്റർ

ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി മത്തായി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീകുമാർ എസ്.കൈമൾ | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീമതി സാവിത്രി കെ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-07-2021 | 12-07-2021 |
| ശ്രീ.രാജേഷ് ടി.വർഗീസ് | സെക്രട്ടറി | 13-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സാവിത്രി കെ.ആർ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി സുമിത സുകുമാരൻ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി പാർവതി ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഹരികുമാർ വി.കെ. | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രുതി ആർ | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീമതി.ലിബിൻ ജേക്കബ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു സി.കെ. | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ഡോ.രാജഹംസ് ശശി | മെഡിക്കൽ ഓഫീസർ, ആയുർവേദ | 01-04-2021 | 31-03-2022 |
| ഡോ.മിനി ജോസഫ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീജ രാധാകൃഷ്ണൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സാം പോൾ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, കുറവിലങ്ങാട് | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 11 | ഓഡിറ്റ് ഇംപാക്ട് | 1-11 |
| 12 | റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയില്ല. | 1-12 |
| 13 | ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു | 1-13 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയിട്ടില്ല. | 1-14 |
| 15 | FACTEOS ലൈസൻസ് നല്കൽ -വാർഡ് തലത്തിൽ ഡാറ്റാബേസ് തയ്യാറാക്കിയിട്ടില്ല | 1-15 |
| 16 | ഇ ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല | 1-16 |
| 17 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയിട്ടില്ല | 1-17 |
| 18 | വീട് വാസയോഗ്യമാക്കൽ-പദ്ധതിയിലുൾപ്പെട്ട കെട്ടിടങ്ങൾ സഞ്ചയ ഡേറ്റാ ബേസിലില്ല | 1-18 |
| 19 | ലൈഫ് ഭവന പദ്ധതി-പണി പൂർത്തിയായില്ല | 1-19 |
| 20 | വീട് വാസയോഗ്യമാക്കൽ -പദ്ധതി വിഹിതം പര്യാപ്തമല്ല | 1-20 |
| 21 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 22 | പാലിയേറ്റീവ് കെയർ പദ്ധതി- മരുന്നുകൾ/ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-22 |
| 23 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല. | 1-23 |
| 24 | ബയോഗ്യാസ് പ്ലാന്റ്- പ്രവർത്തന സജ്ജമായില്ല | 1-24 |
| 25 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 342260 രൂപ അവശേഷിക്കുന്നു | 1-25 |

| | | |
|---|---|---|
| 26 | സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി - പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നില്ല | 1-26 |
| 27 | സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയ ഇനത്തിൽ അധികം നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല. | 1-27 |
| 28 | ബയോഗ്യാസ് പ്ലാന്റ് എ എം സി - അപാകതകൾ | 1-28 |
| 29 | ടേക്ക് എ ബ്രേക്ക് പദ്ധതി - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

2021-22 വർഷത്തെ പുതുക്കിയ ബജറ്റ് 25.03.2022 ലെ 15-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും, യഥാർത്ഥ വരവ് -ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (ബജറ്റ്) | യഥാർത്ഥത്തിലുള്ളത് (റസീപ്റ്റ് & പേയ്മെന്റ്) |
|---|---|---|
| മുന്നിരിപ്പ് | 4680800 | 6224486 |
| വരവ് | 158141100 | 68276127 |
| ആകെ | 162821900 | 74500613 |
| ചെലവ് | 158147200 | 64768601 |
| നീക്കിയിരിപ്പ് | 4674700 | 9732012 |

### 1-2 വാർഷികധനകാര്യപത്രിക

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-22 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 127968490/- രൂപയും ചെലവ് 130041528/- രൂപയും തൻവർഷ പ്രവർത്തനകമ്മി 2073038/- രൂപയുമാണ്. 31.03.2021-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 68180379/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 17354173/- രൂപയുമാണ്. 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ജി.ഒ.(എം.എസ്)152/11/തസ്വഭവ/26.07.2011 പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിംഗും പൂർത്തിയാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) ഓഡിറ്റ് റിക്കവറി ഇനത്തിൽ 1740/- രൂപ വരവ് ഉണ്ടെങ്കിലും ആയത് വാർഷിക ധനകാര്യപത്രികയിൽ ടി ഹെഡിൽ വരവായി ചേർത്തിട്ടില്ല.

4) തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6224486 |
| ഓഡിറ്റ് വർഷത്തെ വരവ് | 68276127 |
| ആകെ | 74500613 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 64768601 |
| നീക്കിയിരിപ്പ് | 9732012 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 393343 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12361419 | 12361419 | 12257000 | 104419 |
| വികസന ഫണ്ട്-SCP | 0 | 2267629 | 2267629 | 2246000 | 21629 |
| വികസന ഫണ്ട്-TSP | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 3030380 | 3030380 | 1772397 | 1257983 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 6031734 | 6031734 | 1411455 | 4620279 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 13469000 | 13469000 | 12423097 | 1045903 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4862839 | 4862839 | 2351806 | 2511033 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1249333 | 1908000 | 3157333 | 2419338 | 737995 |
| ഐ.സി.ഡി.എസ് | 603383 | 687775 | 1291158 | 1279158 | 12000 |

1. പൊതുവിഭാഗം വികസനഫണ്ട്-പ്രോജക്ട് നം.192, 201, 203, 200, 202, 204 പ്രോജക്ടുകളുടെ ചെലവ് സ്രോതസിൽ കുറവ് ചെയ്തതിനാൽ (15,94,867/-) ടി തുക ചേർത്താണ് വരവ് കണക്കാക്കിയിരിക്കുന്നത്.
2. വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ അലോട്ട്മെന്റ് തുകയും ACR പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്.
3. . പൊതുവിഭാഗം വികസനഫണ്ട്-ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുക 15,94,867/- രൂപ വാർഷികകണക്ക് (RP7), അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ പത്രിക എന്നിവയിൽ ഉൾപ്പെട്ടിട്ടുണ്ട്.
4. മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ പത്രിക എന്നിവ എ.സി.ആർ. മായി വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രോജക്ട് നം.132 ന് 4,79,908/- രൂപ ചെലവഴിക്കാത്തതാണ് വ്യത്യാസത്തിന് കാരണം.
5. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിനത്തിലെ ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ പത്രിക എന്നിവ എ.സി.ആർ. മായി വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രോജക്ട് നം.91 ന് 35,346/- രൂപ

ചെലവഴിയ്ക്കാത്തതാണ് വ്യത്യാസത്തിന് കാരണം.

6. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക 691470/- അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകയോടൊപ്പം ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് വിഹിതത്തിൽ ലഭിച്ച പലിശ 55910/- രൂപ ചേർത്താണ് വരവ് തയ്യാറാക്കിയിരിയ്ക്കുന്നത്.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 30.01.2021 ൽ ആസൂത്രണ സമിതി യോഗം ചേരുകയും തുടർന്ന് 09.02.2021ൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേരുകയും ചെയ്തു. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ പദ്ധതി ആസൂത്രണ ഗ്രാമസഭ(13.02.21-14.02.21)/ഊരുകൂട്ട യോഗങ്ങളിൽ (06/02/2021) അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 24.02.2021 -ൽ നടന്ന വികസന സെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

വാർഷിക പദ്ധതിയ്ക്ക് 10.03.2022 ലെ ഉത്തരവ് നം. 81898/21/DPC/DPO/KTM പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 72189773/- രൂപയും ആകെ ചെലവ് 44829303/- രൂപയുമാണ്. ചെലവ് 62.1%. ആകെ 156 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 129 എണ്ണം തൻവർഷം നടപ്പാക്കി. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 3252720 | 3147720 | 96.77 |
| വെറ്ററിനറി സർജൻ | 8 | 8 | 3067980 | 2442944 | 79.63 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി./സി.എച്ച്.സി | 1 | 1 | 602580 | 602580 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 3 | 3 | 710000 | 709950 | 99.99 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11 | 11 | 12498882 | 5580293 | 44.65 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 2 | 2 | 4702810 | 4114255 | 87.49 |
| സെക്രട്ടറി | 32 | 25 | 12083240 | 5588159 | 46.25 |
| ഹെഡ്മാസ്റ്റർ , ഗവ . യു പി . സ്കൂൾ | 6 | 6 | 916144 | 910324 | 99.36 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 75 | 55 | 30833834 | 18313995 | 59.4 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 1973533 | 1973533 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 11 | 1548050 | 1445550 | 93.38 |
| ആകെ | 156 | 129 | 72189773 | 44829303 | 62.1 |

കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി./ സി.എച്ച്.സി , മെഡിക്കൽ ഓഫീസർ, ആയുർവ്വേദം, ഹെഡ്മാസ്റ്റർ , ഗവ. യു പി . സ്കൂൾ , ഡയറി എക്സ്റ്റെൻഷൻ ഓഫീസർ , അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ മികച്ച രീതിയിൽ പദ്ധതി നിർവ്വഹണം നടത്തി. സെക്രട്ടറി , അസിസ്റ്റന്റ് എഞ്ചിനീയർ , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ ചെലവ് ശതമാനം കുറഞ്ഞത് ആകെ പദ്ധതിച്ചെലവ് കുറയുവാൻ കാരണമായി .

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 711 പ്രോജക്കുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 305 പദ്ധതികളിൽ 136 എണ്ണം പൂർത്തീകരിച്ചു. 2021-22 വർഷം 14 ഗ്രാമസഭകൾ കൂടുകയും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 56399 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 803 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, കല്ലുകയ്യാല, കൈത്തോട് ആഴം കൂട്ടൽ എന്നിവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2021-22 വർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. ടി കണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2746.30 | 1774481 | 1777227.30 | 1771890 | 5337.30 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26212398 | 26212398 | 26212398 | 0 |
| | 2746.30 | 27986879 | 27989625.3 | 27984288 | 5337.30 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24960 | 26 |
| കർഷകതൊഴിലാളി പെൻഷൻ | 4088200 | 258 |
| വിധവാപെൻഷൻ | 6962700 | 460 |
| വാർദ്ധക്യകാലപെൻഷൻ | 25449900 | 1743 |
| വികലാംഗപെൻഷൻ | 2950400 | 193 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 566400 | 32 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.01.2023, 3.15 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,18,456/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.
01.04.2022 മുതൽ ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ നടപ്പാക്കി. നിലവിൽ ടി സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് ഫയലുകൾ കൈകാര്യം ചെയ്യുന്നത്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ് .

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തിയിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം .

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. വസ്തുനികുതി, വാടക എന്നീ ഇനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

6) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2017-28.01.2017 | 2011-12 മുതൽ 2015-16 | LBA(HQ)11/8A-2560/16-17/435, തീ 03.03.2017 |

| | | | |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 18.07.2022 | 1/22-03/22 | ലഭ്യമായില്ല |

1-11 ഓഡിറ്റ് ഇംപാക്ട്

ലൈസൻസ് ഫീസ് അടവാക്കി

2021-22 വർഷം ലൈസൻസ് ഫീസ് അടയ്ക്കാതെ സ്ഥാപനം പ്രവർത്തിച്ചത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (എൻക്വയറിനം-11/12-12-22) മുഖേന ചൂണ്ടിക്കാണിച്ചതനുസരിച്ച് ഗ്രാമപഞ്ചായത്ത് തുടർ നടപടി സ്വീകരിക്കുകയും ബന്ധപ്പെട്ട സ്ഥാപന ഉടമകൾ 13.01.2023 ലെ 1220104223, 1220104224, 1220104225 എന്നീ രസീതുകൾ പ്രകാരം 3300/- രൂപ അടവാക്കിയിട്ടുമുണ്ട്.

1-12 റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയില്ല.

1. 2021-22 വർഷം വസ്തുനികുതി നിർണയിച്ച കെട്ടിടങ്ങൾ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയിച്ചതിൽ റോഡിന്റെ തരം അടിസ്ഥാനപ്പെടുത്തി വർദ്ധനവ് വരുത്താതെ നികുതി നിർണയിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം/ഉടമയുടെ പേര് | വിസ്തീർണ്ണം/ഉപയോഗക്രമം | സഞ്ചയപ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡ്/കെട്ടിടത്തിന് സമീപമുള്ള റോഡ് | പ്ലാൻ പ്രകാരം റോഡ് |
|---|---|---|---|---|
| 1 | 4/240എ , ശ്രീനിവാസൻ | 116.07/പാർപ്പിടാവശ്യം | കോഴ-ഞീഴൂർ, 1.5 മീറ്ററിൽ കൂടുതൽ | കോഴ-ഞീഴൂർ, 5 മീറ്ററിൽ കൂടുതൽ |
| 2 | 13/160 A, ഡെനീഷ് സെബാസ്റ്റ്യൻ | 193.58/പാർപ്പിടാവശ്യം | കുറവിലങ്ങാട് പള്ളിയമ്പ് റോഡ്,1.5 മീറ്ററിൽ കൂടുതൽ | കുറവിലങ്ങാട് പള്ളിയമ്പ് റോഡ്, 5 മീറ്ററിൽ കൂടുതൽ |

വഴിയുടെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നെങ്കിലും ആയത് വരുത്തിയിട്ടില്ല.

2. ശ്രീ ജോസഫ് മംഗലത്ത് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 8/76 B (46.93 ച.മീ.), 8/76 C(194.48 ച.മീ.) ഇതരവ്യവസായം എന്ന ഗണത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് സഞ്ചയ പ്രകാരം 1.5 മീറ്ററിൽ കൂടുതലുള്ള കുര്യം വയല റോഡ് എന്ന രേഖപ്പെടുത്തി നികുതി ഇളവോ വർദ്ധനവോ വരുത്തിയിട്ടില്ലെന്നു കാണുന്നു. എന്നാൽ പ്ലാൻ പ്രകാരം ഈ കെട്ടിടത്തിന്റെ പ്രവേശനം 5 മീറ്ററുള്ള കുര്യം വയല റോഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം 20% വർദ്ധനവ് വരുത്തേണ്ടിയിരുന്നെങ്കിലും വരുത്തിയിട്ടില്ല. ഇതേ പ്ലാനിലുൾപ്പെട്ട 8/76 D(256.32 ച.മീ.) എന്ന കെട്ടിടത്തിന് 1.5 മീറ്ററോ അതിൽ കുറവുള്ള കുര്യം വയല റോഡ് എന്ന രേഖപ്പെടുത്തി 10% ഇളവ് അനുവദിച്ചാണ് നികുതി നിർണയിച്ചിട്ടുള്ളത്. പ്ലാൻ പ്രകാരം 5 മീറ്ററുള്ള കുര്യം വയല റോഡിനു ബാധകമായ 20% വർദ്ധനവ് വരുത്തേണ്ടിയിരുന്നെങ്കിലും വരുത്തിയിട്ടില്ല. ഇതേ കെട്ടിടത്തിന്റെ സമീപ കെട്ടിടമായ 8/76 A എന്ന ഇതേ വ്യക്തിയുടെ കെട്ടിടത്തിന് റോഡിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് വരുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9210/11.01.2023) നികുതി

പുനർനിർണയിച്ച് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി നിർണയിക്കുമ്പോൾ ഇളവിനും വർദ്ധനവിനും പരിഗണിക്കേണ്ട എല്ലാ ഘടകങ്ങളും കൃത്യമായി പരിശോധിച്ച് ആവശ്യമായ ഇളവുകളും വർദ്ധനവുകളും വരുത്തി നികുതി നിർണയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പുനർ നിർണ്ണയിച്ച നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 1-13 ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ 2021-22 വർഷം ലേലം നടത്തി കുത്തകക്കാർക്ക് വാടകയ്ക്ക് നൽകിയിട്ടില്ലാത്തതായി കാണുന്നു.

1. മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് – MSC-18
2. -Do- MSC-34
3. -Do- MSC-36
4. -Do- MSC-37
5. -Do- MSC-42
6. -Do- MSC-43
7. -Do- MSC-44
8. ബസ് സ്റ്റാൻറ് ഷോപ്പിംഗ് കോംപ്ലക്സ് BSC-47
9. -Do- BSC-56 , 57
10. -Do- BSC-58
11. -Do- BSC-60
12. -Do- BSC-61
13. -Do- BSC-62
14. പമ്പ് ഹൌസ് കോംപ്ലക്സ് OPSC 79

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/11.01.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1, 2, 3, 8, 12, 13, 14 എന്നീ കെട്ടിടങ്ങൾ ഒഴികെയുള്ളവ നിലവിൽ വാടകയ്ക്കു നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. ടി മുറികൾ ലേലം നടത്തേണ്ടതും , തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ആസ്തികൾ ഫലപ്രദമായി വിനിയോഗിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ , അർദ്ധവാർഷിക വരുമാനപത്രിക എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| മുത്തൂറ്റ് ഫിനാൻസ് ലിമി..കുറവിലങ്ങാട് | സന്ധ്യാമോൾ സി.എസ്. | 147500 | 1250 | 1000(2 അർദ്ധവർഷവും) | 250x2 500 |
| -Do- | മായ സിലാസ് | 142000 | 1250 | 1000 (2 അർദ്ധവർഷവും) | 250x2 500 |
| -Do- | മിന്നു | 142000 | 1250 | 1000 (2 അർദ്ധവർഷവും) | 250x2 500 |

| | | | | | |
|---|---|---|---|---|---|
| -Do- | ജിജോ | 134000 | 1250 | 750 (2 അർദ്ധവർഷവും) | 500x2 1000 |
| ആയുഷ് വെൽനസ് സെന്റർ | ഡോ.അഞ്ജന പി.ആർ | 107100 | 1000 | 750 (1 അർദ്ധവർഷം) | 250x2 500 |
| -Do- | | 102000 | 1000 | 750 (2- അർദ്ധവർഷം) | 250x2 500 |
| | | | ആകെ | | 3000 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/12.01.23 ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതിയിൽ കുറവ് വന്നിട്ടുള്ള തുക (3000/- രൂപ) ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതും രേഖകൾ സഹിതം മറുപടി നൽകേണ്ടതുമാണ് .

## 1-15 FACTEOS ലൈസൻസ് നല്കൽ -വാർഡ് തലത്തിൽ ഡാറ്റാബേസ് തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ , ഫയൽ എന്നിവ പരിശോധിച്ചതിൽ 2021-22 വർഷം ആകെ 432 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയതായി കാണുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ആകെ 1662 ഓളം കെട്ടിടങ്ങളെ വ്യാപാര/ വാണിജ്യ ആവശ്യത്തിനുള്ള ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനങ്ങൾ | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 1107 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 200 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 5 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 67 |
| വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 43 |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 122 |
| ആശുപത്രികൾ | 26 |
| അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 15 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 60 |
| മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 17 |
| ആകെ | 1662 |

ആയതിനാൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കാൻ സാധ്യതയുണ്ടെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. കുറ്റമറ്റ രീതിയിൽ സഞ്ചയ ഡാറ്റാബേസിനെ അടിസ്ഥാനമാക്കി പരിശോധന നടത്തി വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തേണ്ട വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-16 ഇ ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനും മറ്റുമായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ 2021-22 വർഷം നടത്തിയ ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് നാളിതുവരെ തിരികെ ലഭ്യമായിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ടെണ്ടർ ഫീസ് |
|---|---|---|
| 1 | 145/22, കോഴ ജംഗ്ഷനിൽ ടേക്ക് എ ബ്രേക്ക് പദ്ധതി | 5900 |
| 2. | 165/22, വിവിധ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം | 3124 |
| | ആകെ | 9024 |

ടെണ്ടർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകുവാനുള്ള മേൽ തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കൂടി ഡിമാന്റ് ചെയ്ത് തിരികെ ഈടാക്കേണ്ടതാണ്.

1-17 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ഓഫിസ് അറ്റെൻഡന്റായിരുന്ന ശ്രീ.ഫെനിപ്പാസ് എം.ജോൺ-ന് വൗച്ചർ നം. 22100342 പ്രകാരം 26.08.2021 ൽ 15000/- രൂപ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയിരുന്നു. എന്നാൽ അഡ്വാൻസ് രജിസ്റ്റർ / വാർഷിക കണക്കുകൾ പ്രകാരം ടി തുക നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. ജീവനക്കാരൻ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ നിന്നും ട്രാൻസ്ഫർ ആയി പോയതിനാൽ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുവാൻ സാധിച്ചില്ല . ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കാത്തതിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/11.01.2023 ന് മറുപടി ലഭ്യമാക്കിയില്ല.

ജീവനക്കാരന് നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്

1-18 വീട് വാസയോഗ്യമാക്കൽ-പദ്ധതിയിലുൾപ്പെട്ട കെട്ടിടങ്ങൾ സഞ്ചയ ഡേറ്റാ ബേസിലില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വിഇഒ |
| പ്രൊജക്ട് നം/പേര് | 11/22, വീട് വാസയോഗ്യമാക്കൽ |
| ചെലവ് | വികസന ഫണ്ട്-675000<br>തനത് ഫണ്ട്-550000 |

മേൽ പ്രൊജക്ട് പ്രകാരം 49 ഗുണഭോക്താക്കൾക്ക് 25000/- രൂപ വീതം നൽകിയിട്ടുണ്ട്. പുതിയ വീട് നിർമിച്ച് 8 വർഷമെങ്കിലും കഴിഞ്ഞവർക്കാണ് പദ്ധതി മാർഗരേഖ പ്രകാരം ഇതിന് അർഹതയുള്ളത്. ലഭ്യമായ രേഖകൾ പ്രകാരം തുക നൽകിയിട്ടുള്ള ലക്ഷ്മിക്കുട്ടിയമ്മ എന്ന ഗുണഭോക്താവിന്റെ വീട്(കെട്ടിട നം.8/208എ) പഞ്ചായത്തിന്റെ വസ്തുനികുതി ഡേറ്റാ ബേസായ സഞ്ചയ പ്രകാരം 2019 ലാണ് പണിതിട്ടുള്ളത് . മറ്റൊരു ഗുണഭോക്താവായ അമ്മിണി ശങ്കരൻകുട്ടി എന്ന ഗുണഭോക്താവിന്റെ അപേക്ഷയിൽ സൂചിപ്പിച്ചിരുന്ന വീട്ടുനമ്പരായ 12/343 സഞ്ചയ ഡേറ്റാ ബേസിലുൾപ്പെട്ടിരുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ശ്രീമതി ലക്ഷ്മികുട്ടിയമ്മ 8 വർഷം മുമ്പ് തന്നെ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതാണെങ്കിലും 2019 ൽ മാത്രമാണ് കെട്ടിട നമ്പർ ലഭിക്കുന്നതിന് പഞ്ചായത്തിനെ സമീപച്ചതെന്നും ടിയാൾക്ക് വീട് വാസയോഗ്യമാക്കലിനുള്ള അർഹത യഥാർത്ഥത്തിലുള്ളതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ അമ്മിണി ശങ്കരൻകുട്ടിയുടെ വീട്ടുനമ്പർ അസസ് മെന്റ് രജിസ്റ്ററിലുൾപ്പെട്ടതാണെന്നും സഞ്ചയയിൽ ഉൾപ്പെടുത്താൻ വിട്ടു പോയതാണെന്നും നിലവിൽ ഉൾപ്പെടുത്തിയെന്നും മറുപടി ലഭ്യമാക്കി. ഭവന പുനരുദ്ധാരണം പോലുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ അപേക്ഷകന്റെ വീട് സഞ്ചയ ഡേറ്റാ ബേസിലുൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. സഞ്ചയ പ്യൂരിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി പഞ്ചായത്ത് പരിധിയിലെ എല്ലാ വീടുകളും പഞ്ചായത്തിന്റെ വസ്തുനികുതി ഡേറ്റാ ബേസിലുൾപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ലൈഫ് ഭവന പദ്ധതി-പണി പൂർത്തിയായില്ല

ലൈഫ് മിഷൻ ഭവന പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷം 3 പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. 2021-22 വർഷാവസാനം കരാർ വച്ച ഗുണഭോക്താക്കളിൽ ആകെ മൂന്ന് പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു .

ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത 3 ഗുണഭോക്താക്കളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വാർഡ് | നാളിതു വരെ അനുവദിച്ച തുക | അവസാന ഗഡു വാങ്ങിയ തീയതി |
|---|---|---|---|
| 1 | രത്നമ്മ രവീന്ദ്രൻ-വാർഡ് -14 | 300000 | 22-07-2021 |
| 2 | മധു കെ- വാർഡ് -14 | 200000 | 7-10-2022 |
| 3 | മങ്ക നാരായണൻ – വാർഡ് -10 | 300,000 | 8-11-2022 |

മേൽ ഗുണഭോക്താക്കൾ കൂടി ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതും ഭവനനിർമ്മാണം പൂർത്തീകരിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-20 വീട് വാസയോഗ്യമാക്കൽ -പദ്ധതി വിഹിതം പര്യാപ്തമല്ല

2021-22 സാമ്പത്തിക വർഷം ആകെ 2 പ്രോജക്ടുകളാണ് വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം നടപ്പിലാക്കിയത്. ജനറൽ വിഭാഗത്തിൽ 1 ഉം എസ്.സി വിഭാഗത്തിൽ 1 ഉം പ്രോജക്ടുകൾ നടപ്പിലാക്കുകയുണ്ടായി. ഇതിൽ ജനറൽ വിഭാഗത്തിന് നാമമാത്രമായ തുകയാണ് പ്രോജക്ടിൽ വകയിരുത്തി ഗുണഭോക്താക്കൾക്ക് നൽകിയത്. ജനറൽ വിഭാഗത്തിന് 25000 രൂപയാണ് വീട് പുനരുദ്ധാരണത്തിനായി നൽകിയത്. ഇതു തികച്ചും അപര്യാപ്തമാണ്. വീട് പുനരുദ്ധാരണം പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആയതു കൊണ്ട് ഗുണഭോക്താവിന് പൂർണ്ണമായ പ്രയോജനം ലഭിക്കത്തക്കവിധത്തിലുള്ള കാഴ്ച്ചപ്പാടോടുകൂടി വേണം പദ്ധതി വിഹിതം നിശ്ചയിക്കേണ്ടത്. കൂടുതൽ

ഗുണഭോക്താക്കളെ ഉൾക്കൊള്ളിക്കുക എന്നതിലുപരി നടപ്പിലാക്കുന്ന പദ്ധതികൊണ്ട് മെച്ചപ്പെട്ട സേവനം നൽകൽ ആയിരിക്കണം ലക്ഷ്യമാക്കേണ്ടത്. കേവലം 25000 രൂപ മാത്രം വീട് പുനരുദ്ധാരണം എന്ന പദ്ധതിക്ക് നൽകുന്നതു കൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയില്ല. സർക്കാരിന്റെ പണം കാര്യക്ഷമമായി വിനിയോഗിക്കപ്പെടാതെ നഷ്ടപ്പെടാൻ സാഹചര്യം സൃഷ്ടിക്കപ്പെടുന്നു എന്നതു മാത്രമാണ് ഈ രീതിയിൽ പദ്ധതികൾ നടപ്പിലാക്കുന്നതുകൊണ്ട് ഉണ്ടാകുന്നത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പൊതു വിഭാഗത്തിന് 100000 രൂപയും എസ്.സി, എസ്.റ്റി വിഭാഗത്തിന് 150000 രൂപയും ആണ് വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം പരമാവധി നൽകാവുന്നത്. ആയതിനാൽ തുടർ വർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് കൂടുതൽ തുക പദ്ധതി വിഹിതമായി അനുവദിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകേണ്ടതാണ്.

## 1-21 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജെക്റ്റ് നമ്പർ / പേര് | SO 28/22, പ്രത്യേക കന്നുകുട്ടി പരിപാലനം |
| ചെലവഴിച്ച തുക , ഫണ്ടിനം | Rs. 625000/- , വികസന ഫണ്ട് |
| ബിൽ / ചെക്ക് നം ./ തീയതി | 118/13.12.21 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 625000/- രൂപ അസി ഡയറക്ടർ , കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം , കോട്ടയം -ന്റെ പേർക്ക് കൈമാറി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം കന്നുകുട്ടികളെ എൻറോൾ ചെയ്തതിന്റെ വിശദാംശങ്ങൾ , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു (നമ്പർ 4/ തീയതി-11.01.23 ) . എൻറോൾമെൻറ് ലിസ്റ്റ് ലഭ്യമാക്കിയെങ്കിലും പദ്ധതി പൂർത്തീകരിക്കാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല . പദ്ധതി പൂർത്തിയാകുന്നതിന്റെ അടിസ്ഥാനത്തിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് .

## 1-22 പാലിയേറ്റീവ് കെയർ പദ്ധതി- മരുന്നുകൾ/ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, പിഎച്ച്സി നിർവഹണം നടത്തിയ പാലിയേറ്റീവ് കെയർ-പന്ത്രണ്ടിന പരിപാടി എന്ന പ്രൊജക്ടിന്റെ ഭാഗമായി (പ്രൊജക്ട് നം. 27/22) 131410 രൂപ ബിൽ നം. 10/21-22/22.10.21 പ്രകാരം കെ.എം.എസ്.സി.എൽ-ന് നൽകിയിരുന്നു. എന്നാൽ ആയതിൽ 13943/- രൂപയുടെ പാലിയേറ്റീവ് മരുന്നുകൾ/ഉപകരണങ്ങൾ ഇതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ/ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമാകുന്നതുവരെ 13943/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജെക്റ്റ് നമ്പർ / പേര് | SO 07/22, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| ചെലവഴിച്ച തുക , ഫണ്ടിനം | 200000/- , MG (NR) |

| | |
|---|---|
| ബിൽ / ചെക്ക് നം./ തീയതി | 21090752094500979959/20.01.2022 |

മേൽ പ്രോജക്ടിലേയ്ക്കായി ഹോംകോ എന്ന സ്ഥാപനത്തിന് 200000/- രൂപ 20.01.2022 ൽ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. മെഡിക്കൽ ഓഫീസർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ , ഇൻവോയ്സ് എന്നിവ പ്രകാരം 168600/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ-5 / തീയതി-11.01.23 ) നൽകിയിരുന്നു . 31400/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 ബയോഗ്യാസ് പ്ലാന്റ്- പ്രവർത്തന സജ്ജമായില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | 112/22, ബയോഗ്യാസ് പ്ളാന്റ് |
| അടങ്കൽ | 1500000 |
| ചെലവ് | 348000 |
| ഫണ്ടിനം | ശുചിത്വമിഷൻ ഗ്രാന്റ് |
| ബിൽ നം. | 68/27.08.2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ശുചിത്വ മിഷന്റെ സഹകരണത്തോടെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രോജക്ട് നം.149/20 ആയി ആവിഷ്ക്കരിച്ചതായിരുന്നു മേൽ പ്രോജക്ട്. പ്രസ്തുത പ്രോജക്ട് സ്പിൽ ഓവറായി തുടരുകയും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയായ IRTC മുണ്ടൂർ എന്ന സ്ഥാപനവുമായി 26.02.2021 ൽ കരാറിലേർപ്പെടുകയും ചെയ്തു. പദ്ധതി പ്രവർത്തനം തുടങ്ങുന്നതിനായി 20% തുകയായ 348000 രൂപ മുൻകൂറായി സ്ഥാപനത്തിന്റ അക്കൗണ്ടിലേക്ക് മേൽ ബിൽ പ്രകാരം നൽകി. മുൻകൂർ തുക കൈപ്പറ്റിയ തീയതി മുതൽ പരമാവധി 4 മാസത്തെ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെന്ന് സ്ഥാപനവുമായി ചമച്ചിട്ടുള്ള കരാറിലെ വ്യവസ്ഥ 8 ആയി നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് 10.01.2023 ൽ പരിശോധന നടത്തിയതിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് കണ്ടു. മുൻകൂർ തുക കൈപ്പറ്റി ഒന്നര വർഷം കഴിഞ്ഞിട്ടും പ്ലാന്റിന്റെ പ്രവർത്തനം പൂർത്തീകരിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. കരാറിലെ കാലാവധി കഴിഞ്ഞിട്ടും പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാകാത്തതിന് വിശദീകരണം, പ്രവൃത്തി പൂർത്തീകരിക്കുവാൻ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/10.01.23) പ്ലാന്റ് നിർമ്മാണത്തിന്റെ ആദ്യ ഘട്ടത്തിൽ കോവിഡ്-19 ലോക്ക്ഡൗൺ നിലനിന്നിരുന്നതിനാലും തൊഴിലാളികളുടെ ലഭ്യതക്കുറവ് ഉണ്ടായിരുന്നതിനാലും തടസ്സം നേരിട്ടിരുന്നുവെന്നും പിന്നീട് കാലവർഷത്തിന് ശേഷം അനുകൂല കാലാവസ്ഥയായതിനുശേഷമാണ് നിർമ്മാണം പുനരാരംഭിച്ചതെന്നും ഇപ്പോൾ കെ.എസ്.ഇ.ബി യിൽ കറന്റ് കണക്ഷന് വേണ്ടിയുള്ള അപേക്ഷ സമർപ്പിച്ചിരിക്കുകയാണെന്നും പ്ലാന്റിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണെന്നും അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കി. ബയോഗ്യാസ് പ്ലാന്റ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ IRTC യ്ക്ക് തൻ വർഷം നൽകിയ 348000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കി പ്ലാന്റ് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 342260 രൂപ അവശേഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഉൾപ്പെട്ട തനത് ഫണ്ട് വിഹിതം നല്കുന്നതിനുള്ള തുക, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വിസിഷൻ പ്രകാരം ചെക്ക് മുഖേന അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കുകയും അസിസ്റ്റന്റ് എഞ്ചിനീയർ ഈ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് കരാറുകാർക്ക് ചെക്ക് പ്രകാരം നല്കുകയുമാണ് ചെയ്യുന്നത്. ഈ ആവശ്യത്തിനായി 2013-ൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ആരംഭിച്ച 33418785140 നമ്പർ എസ്.ബി.ഐ കറന്റ് അക്കൗണ്ടിൽ 28/12/2022 ൽ 342260/- രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ വ്യക്തമല്ല. ഇത്തരത്തിൽ ലഭിക്കുന്ന തുകയുടെ വരവ് – ചെലവ് വിവരം മുൻ കാലങ്ങളിൽ കാഷ്ബുക്ക് തയ്യാറാക്കി രേഖപ്പെടുത്തിയിരുന്നില്ല. പ്രസ്തുത തുകകൾ ഏത് ആവശ്യങ്ങൾക്ക് ലഭ്യമായതാണെന്നും തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/12.01.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത തുകകൾ ഏത് ആവശ്യത്തിന് ലഭിച്ചതാണെന്ന് പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതും തുക ക്രമീകരിക്കേണ്ടതുമാണ്.

1-26 സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി - പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജെക്ക്റ്റ് നമ്പർ / പേര് | SO 154/22, സോളാർ പാനൽ സ്ഥാപിക്കൽ |
| ചെലവഴിച്ച തുക , ഫണ്ടിനം | 493605/- , തനത്ഫണ്ട് |
| ബിൽ / ചെക്ക് നം ./ തീയതി | 0621952/04.10.2021 |

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഫീസിനു മുകളിൽ 10 KW ഓൺ ഗ്രിഡ് സോളാർ പാനൽ സ്ഥാപിച്ചതിന്റെ തുക സോൾജൻ എനർജി ലിമിറ്റഡ് , തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. അസി എഞ്ചിനീയർ , കെ എസ് ഇ ബി , കുറവിലങ്ങാട് - ന്റെ റിപ്പോർട്ട് പ്രകാരം സോളാർ പ്ലാന്റ് ഗ്രിഡുമായി കണക്ട് ചെയ്തിട്ടുണ്ട്. (Lr. Dated 05/ 09/ 2021 ). സോളാർ പാനൽ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും , വൈദ്യുതി ബില്ലിൽ കുറവ് വന്നിട്ടുണ്ടോ എന്ന വിവരവും അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ-15/തീയതി 12.01.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. എക്സിറ്റ് മീറ്റിങ്ങ് സമയത്ത് ടി വിഷയത്തിന് നൽകിയ മറുപടിയിൽ സോളാർ പാനൽ നിലവിൽ പ്രവൃത്തിക്കുന്നുണ്ടെന്ന് അറിയിച്ചു . എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. സോളാർ പാനൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പരിശോധന നടത്തി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-27 സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയ ഇനത്തിൽ അധികം നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജെക്ക്റ്റ് നമ്പർ / പേര് | SO 188/22, തെരുവ് വിളക്ക് സ്ഥാപിക്കൽ |
| ചെലവഴിച്ച തുക , ഫണ്ടിനം | 695750/- , ധനകാര്യ കമ്മീഷൻ അവാർഡ് |
| വൗച്ചർ നമ്പർ / തീയതി | 22101173/31.03.22 |

പദ്ധതി പ്രകാരം കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് , പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും 3025 /- രൂപ നിരക്കിൽ 230 എണ്ണം 24 W LED സ്ട്രീറ്റ്

ലൈറ്റുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. നികുതി ഉൾപ്പെടെ ആകെ 695750/- രൂപയാണ് സ്ഥാപനം നൽകിയ ബില്ലിൽ രേഖപ്പെടുത്തിയിരുന്നത്. സ്ട്രീറ്റ് ലൈറ്റുകലുടെ നികുതി ഉൾപ്പെടാതുള്ള വിലയായ 621205.16/- രൂപയുടെ 2%TDS തുകയായ 12424/- രൂപ ഡിഡക്ഷൻ ഇനത്തിൽ കാണിച്ചാണ് ബിൽ നൽകിയിരുന്നത്. നികുതി ഇനത്തിലെ റ്റി.ഡി.എസ് കുറച്ച് 676369/- രൂപയാണ് സ്ഥാപനത്തിന് നൽകേണ്ടിയിരുന്നത്. എന്നാൽ ജി.എസ്.റ്റി റ്റി.ഡി.എസ് ഇനത്തിൽ 2% തുക കുറവ് ചെയ്യുന്നതിനായി ബില്ലിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും സോഫ്റ്റ്‌വെയർ പിശക് മൂലം 688793/- രൂപ സ്ഥാപനത്തിന് അനുവദിച്ച നൽകിയിട്ടുണ്ട്. അധികമായി അടവാക്കിയ 12424 /- രൂപ (2% ജി.എസ്.റ്റി റ്റി.ഡി.എസ് തുക) തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ-07/തീയതി. 11.01.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്നും സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും (Lr. No. A2-2458/21/26.04.22) തുക തിരികെ ലഭിച്ചതായി കാണുന്നില്ല. തുടർ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 ബയോഗ്യാസ് പ്ലാന്റ് എ എം സി - അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജെക്റ്റ് നമ്പർ / പേര് | SO 152/22, ബയോഗ്യാസ് പ്ലാന്റ് എ എം സി (So)<br>SO 96/22 ബയോഗ്യാസ് പ്ലാന്റ് എ എം സി (New) |
| ചെലവഴിച്ച തുക , ഫണ്ടിനം | 79500/- തനത്ഫണ്ട്(152/22)<br>125000/- ധനകാര്യ കമ്മീഷൻ അവാർഡ് (96/22) |
| വൗച്ചർ നമ്പർ നം ./ തീയതി | 22101078 / 26.03.2022 Rs. 79500/-<br>22101122 / 31.03.2022 Rs. 125000/- |

പദ്ധതി പ്രകാരം കുറവിലങ്ങാട് ഗ്രാമ പഞ്ചായത്ത് മാർക്കറ്റിൽ പ്രവർത്തിക്കുന്ന ബയോ ഗ്യാസ് പ്ലാന്റിന്റെ (2009-ൽ പ്രവർത്തനം ആരംഭിച്ചത് ) അറ്റകുറ്റപ്പണികൾ / മെയിന്റനൻസ് നടത്തുന്നതിന് ബയോടെക്ക് ,തിരുവനന്തപുരം എന്ന സ്ഥാപനത്തിന് എ.എം.സി നൽകിയിട്ടുണ്ട്. കരാർ പ്രകാരം സ്ഥാപനത്തിന് 2022-2023 വർഷത്തേയ്ക്ക് ഉള്ള എ.എം.സി തുകയായ 245000/- രൂപയിൽ ആദ്യ ഗഡുവായി 125000/- രൂപ നൽകുകയും മുൻ വർഷത്തെ ബാക്കി തുകയായ 79500 /- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാർ പ്രകാരം സ്ഥാപനം നിർവ്വഹിച്ച പ്രവൃത്തികൾ /മെയിന്റനൻസ് , അവ നിർവ്വഹിച്ച തീയതി തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് , ടി പ്രവൃത്തി ഗ്രാമപഞ്ചായത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സൂപ്പർവിഷൻ നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( നമ്പർ-14/തീയതി. 12.01.23 ) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തും സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ പ്രകാരം ജനറേറ്റർ സർവീസിങ്ങ് , ഇലക്ട്രിക്ക് ലൈനിലെ അപാകതകൾ പരിഹരിക്കൽ , ഗ്യാസ് വാൽവുകളുടെ മെയിന്റനൻസ് , തുടങ്ങിയ പ്രവൃത്തികൾ ബയോടെക്ക് കമ്പനി നിർവ്വഹിക്കേണ്ടതാണ് . എന്നാൽ ടി പ്രവർത്തനങ്ങൾ യഥാസമയം സ്ഥാപനം നടത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല . മെയിന്റനൻസ് നടത്തുമ്പോൾ ഗ്രാമ പഞ്ചായത്തിനെ മുൻകൂട്ടി വിവരം അറിയിക്കുന്നതിനും , ഗ്രാമപഞ്ചായത്തിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പ്രവൃത്തികൾ നിർവ്വഹിക്കണമെന്നും , മെയിന്റനൻസ് സംബന്ധിച്ച റിപ്പോർട്ട് നല്കണമെന്നുമുള്ള നിർദ്ദേശം എ.എം.സി

ഏറ്റെടുക്കുന്ന സ്ഥാപനത്തിന് നൽകേണ്ടതാണ്.

കൂടാതെ എ.എം.സി ക്കായി ടെൻഡർ ക്ഷണിക്കുമ്പോൾ ബയോഗ്യാസ് പ്ലാന്റിന്റെ മെയിന്റനൻസ് കൂടി പരാമർശിക്കുന്നുണ്ടെങ്കിലും സ്ഥാപനവുമായുള്ള കരാറിൽ ജനറേറ്റർ സർവീസിങ്ങ് , ഇലക്ട്രിക്ക് ലൈനിലെ അപാകതകൾ പരിഹരിക്കൽ , ഗ്യാസ് വാൽവുകളുടെ മെയിന്റനൻസ് ,എന്നീ പ്രവൃത്തികൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തുടർന്നുള്ള വർഷങ്ങളിൽ കരാർ ചമയ്ക്കുമ്പോൾ ടെൻഡർ പ്രകാരം ആവശ്യപ്പെട്ട എല്ലാ ഇനങ്ങളുടെയും മെയിന്റനൻസ് കരാറിൽ ഉൾപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ടേക്ക് എ ബ്രേക്ക് പദ്ധതി - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

കോഴ ജംഗ്ഷനിൽ ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പാക്കുന്നതിനായി 2020-21 വർഷം ആവിഷ്കരിച്ച പദ്ധതി 2021-22 വർഷം സ്പിൽ ഓവറായി (പ്രോജക്ട് നം.145/22) തുടർന്നെങ്കിലും തൻ വർഷവും തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പ്രോജക്ടിനായി 2021-22 വർഷം 1500000 രൂപ അടങ്കൽ വെച്ച് ഇ-ടെണ്ടർ നടത്തി ശ്രീ.ജെയ്സൺ കുര്യൻ എന്ന കരാറുകാരന് പ്രവൃത്തി നൽകിയിട്ടുള്ളതായി കാണുന്നു. ടി കരാറുകാരനുമായി 15.12.2021 തീയതിയിൽ കരാറിലേർപ്പെടുകയും അന്ന് തന്നെ സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർമ്മാണം എം.സി റോഡ് സൈഡിൽ പൊതുമരാമത്ത് വകുപ്പിന്റെ പുറമ്പോക്ക് ഭൂമിയിൽ ആയതിനാൽ നിർമ്മാണം നടത്തുന്നതിന് 11.10.2021 ലെ എബി5/3220/2020 നമ്പർ കത്ത് പ്രകാരം പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനിയർ ഉപാധികളോടെ നിരാക്ഷേപ സാക്ഷ്യപത്രവും നൽകിയിട്ടുണ്ട്. എന്നാൽ പിന്നീട് പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് തുടർ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായി ഫയലിൽ കാണുന്നില്ല. കൂടാതെ സ്പിൽ ഓവറായി തുടരുന്ന പ്രസ്തുത പ്രോജക്ടിന്റെ നിർമ്മാണ പ്രവൃത്തികൾ പുനഃരാരംഭിച്ചതായും കാണുന്നില്ല .

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/12.01.23) മറുപടി ലഭ്യമാക്കിയില്ല. പദ്ധതിക്കനുയോജ്യമായ സ്ഥലം കണ്ടെത്തി ടേക്ക് എ ബ്രേക്ക് പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 05.05.2022-ലെ 2 നം. തീരുമാന പ്രകാരം അംഗീകരിച്ച് ലഭ്യമാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം 3,4,5 ആയി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 195000 | സുഭിക്ഷ കേരളം വിളവ്യാപനം (പ്രോജക്ട് നം-39/22) | 195000 | 0 |
| | 200000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം-3/22) | 200000 | 0 |
| | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-വനിത (പ്രൊജക്ട് നം-35/22) | 300000 | 0 |
| | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്ട് നം-34/22) | 400000 | 0 |
| | 683601 | പാറ്റാനി വലിയതോട് ഓട(പ്രോജക്ട് നം-117/22) | 683601 | 0 |
| ആകെ | 1778601 | | 1778601 | |
| ജില്ലാ പഞ്ചായത്ത് | 340000 | ലൈഫ് മിഷൻ ഭവനപദ്ധതി (എസ്.സി.) (പ്രോജക്ട് നം-9/22) | 340000 | 0 |
| | 300000 | അംഗൻവാടി പോഷകാഹാരം (പ്രോജക്ട് നം-4/22) | 300000 | 0 |
| | 450000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം-3/22) | 450000 | 0 |
| | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്ട് നം-34/22) | 400000 | 0 |
| ആകെ | 1490000 | | 1490000 | |

4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക ചെലവഴിച്ചിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം, തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജിഒ(എംഎസ്) 68/2018/ 18.5.18 | 2349787 | 0 | 762667 | 0 | 1587120 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം, തീയതി |
|---|---|---|---|---|
| 2007-08 | 2-2 | 240 | സബ്.പോസ്റ്റ്മാസ്റ്റർ, പകലോമറ്റം | 121030102531/10.12.21 |
| 2017-18 | 2-2-1(1) | 1500 | മാനേജർ, ഹോട്ടൽ മറ്റം റെസിഡൻസി | 121030102534/10.12.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2 (1,2,3,4) | 2016-17 | അനുബന്ധം-3 | വസ്തുനികുതി | അക്കൌണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2.3 | 2016-17 | അനുബന്ധം-4 | തൊഴിൽനികുതി | അക്കൌണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| 2015-16 | 2-6 | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി | അക്കൌണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| 2019-20 | 1-20-1 | 2020-21 | അനുബന്ധം-2 | പാലിയേറ്റീവ് കെയർ-- | അക്കൌണ്ട്സ് കമ്മിറ്റിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | പുനർഉപയോഗ സാധ്യമായ പരിചരണ സാമഗ്രികൾ | പരിഗണനയിലാണ്. |
| 2019-20 | 1-20-2 | 2020-21 | അനുബന്ധം-2 | പാലിയേറ്റീവ് കെയർ പ്രോജക്ട്-- മരുന്നുകൾ ലഭ്യമായില്ല | അക്കൌണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 74500613 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64768601 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 393343 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 13943 | ഡോ.സാം പോൾ , മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, കുറവിലങ്ങാട് |
| 1-23 | 31400 | ശ്രീ.രാജേഷ് ടി.വർഗീസ് , സെക്രട്ടറി ,കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് |
| 1-24 | 348000 | ശ്രീമതി സുമിത സുകുമാരൻ , അസി.എഞ്ചിനീയർ, LID&EW, കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് |
| ആകെ | 393343 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി-4/ (അദാ.22)/ 1695(1)/2022/01.08.22 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി-4/(അദാ.22) /1696/2021/01.08.22 | 1 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി-4/(അദാ.22) /1116/22/01.08.22 | 2 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി-4/825/20 തീയതി 05/10/20 | 1 |
| 2010-11, 2011-12 | കെ.എസ്.എ-കെ.ടി.എം.പി-4/(അദാ.22) /1115/22/01.08.22 | 4 |
| 2012-13 | എൽ.എഫ്.കെ.പി 4/(അദാ.22)/1112/22 /01.08.22 | 14 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി-4/(അദാ.22) /1700/2022/01.08.22 | 1 |
| 2014-15 | കെ.എസ്.എ-കെടി.എം.പി.4/(അദാ.22) /1113/2022/01.08.22 | 10 |
| 2015-16 | നം.എസ്.എ-കെടി..പിഎം.4/913 /22/20.08.22 | 6 |
| 2016-17 | നം.കെ.എസ്.എ-കെ.ടി.എം.പി.4/912 /22/20.08.22 | 2 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി4/911 /22/20.08.22 | 8 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി4/ 118/22 /20.08.22 | 12 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി4/ 483/22 /28.07.21 | 7 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി4/ 678/2022 തീയതി 17.05.2022 | 35 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്